"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ശുചിത്വ മിഷൻ - സ്വച്ച് സർവേക്ഷൻ (ഗ്രാമീൺ) 2025 - ഏകദിന ശില്പശാലയിൽ പങ്കെടുക്കുന്നതിന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. യു.വി ജോസ് ഐ.എ.എസ് (റിട്ട)-ന് അനുമതി നൽകിയ ഉത്തരവ് റദ്ദ് ചെയ്ത്കൊണ്ടും ശുചിത്വ മിഷൻ പ്രോഗ്രാം ഓഫീസർ (ഹെൽത്ത്) ശ്രീ. ഫെയ്സി എ.യ്ക്ക് മുൻകാല പ്രാബല്യത്തിൽ യാത്രാനുമതി നൽകിക്കൊണ്ടും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1002/2025/LSGD    തീയതി,തിരുവനന്തപുരം, 22-04-2025

---

പരാമർശം:- 1. 05.02.2025 തീയതിയിലെ സ.ഉ (സാധാ) നം. 359/2025/തസ്വഭവ

2. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 29.01.2025 തീയതിയിലെ 241/എ/2024/എസ്.എം നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സ്വച്ച് സർവേക്ഷൻ (ഗ്രാമീൺ) പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ ഖര-ദ്രവ-മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ വിലയിരുത്തുന്ന സ്വച്ച് സർവേക്ഷൺ (ഗ്രാമീൺ) - 2025 ന്റെ സർവ്വേ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ സംബന്ധിച്ച് 30.01.2025-ന് രാവിലെ ന്യൂഡൽഹിയിലെ പണ്ഡിറ്റ് ദീൻ ദയാൽ അന്ത്യോദയ ഭവനിൽ വച്ച് ചേരുന്ന ശില്പശാലയിൽ പങ്കെടുക്കുന്നതിന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. യു.വി ജോസ് ഐ.എ.എസ് (റിട്ട)-ന് അനുമതി നല്കിക്കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

എന്നാൽ ആരോഗ്യപരമായ കാരണങ്ങളാൽ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് സ്വച്ച് സർവേക്ഷൻ (ഗ്രാമീൺ) 2025 - ഏകദിന ശില്പശാലയിൽ പങ്കെടുക്കുന്നതിന് സാധിക്കാത്തതിനാൽ പ്രസ്തുത പരിപാടിയിൽ പങ്കെടുക്കുന്നതിന് ശുചിത്വ മിഷനിലെ പ്രോഗ്രാം ഓഫീസർ (ഹെൽത്ത്) ശ്രീ. ഫെയ്സി എ.യെ നിയോഗിച്ചിട്ടുണ്ടെന്നും അതിനാൽ പ്രസ്തുത ശില്പശായിൽ പങ്കെടുക്കുന്നതിനും യാത്ര ചെയ്യുന്നതിനും ശ്രീ. ഫെയ്സി എ.യ്ക്ക് അനുമതി നൽകണമെന്നും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിലേക്ക് അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ സ്വച്ച് സർവേക്ഷൻ (ഗ്രാമീൺ) പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ ഖര-ദ്രവ-മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ വിലയിരുത്തുന്ന സ്വച്ച് സർവേക്ഷൺ (ഗ്രാമീൺ) - 2025 ന്റെ സർവ്വേ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ സംബന്ധിച്ച് 30.01.2025-ന് രാവിലെ ന്യൂഡൽഹിയിലെ പണ്ഡിറ്റ് ദീൻ ദയാൽ അന്ത്യോദയ ഭവനിൽ വച്ച്

നടന്ന ശില്പശാലയിൽ ശുചിത്വ മിഷനിലെ പ്രോഗ്രാം ഓഫീസർ (ഹെൽത്ത്) ശ്രീ. ഫെയ്സി എ. പങ്കെടുക്കുകയും തിരുവനന്തപുരത്ത് നിന്ന് ന്യൂഡൽഹിയിലേക്കും തിരികെയും വിമാനയാത്ര ചെയ്യുകയും ചെയ്ത നടപടിക്ക് മുൻകാല പ്രാബല്യത്തിൽ അനുമതി നൽകുന്നതിനൊപ്പം പരാമർശം (1) ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ ഐ&പി.ആർ.ഡി. (വെബ്&ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (ഐ.എ2/18/2025/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by

Vijitha M B

Date: 22-04-2025 14:29:12

സെക്ഷൻ ഓഫീസർ